# നമ്മുടെ ആഘോഷങ്ങൾ

★

ഗ്രന്ഥകർത്താ

എൻ. കൃഷ്ണപിള്ള എം. എ.

★

*Approved for School Libraries—Vide D. P. I order No. L Dis 18286/56/ A 13 dated 24-10-1956*

വിദ്യോദയപ്രസിദ്ധീകരണം

സ്റ്റാൻഡാർഡ് VII    പുസ്തക 5

IRUL ISLAM HIGH
2732
Date

2732
1416

# നമ്മുടെ ആഘോഷങ്ങൾ

★

എൻ. കൃഷ്ണപിള്ള എം. എ.

ലെക്ചറർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.

★

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

തിരുവനന്തപുരം

വില 8 അണ

# Nammude Aghoshangal

★

N. Krishna Pillay M. A.

★

First Impression: June 1956
Second Impression: November 1956

★

*Publishers*

VIDYODAYA PUBLICATIONS

CARMEL ROAD; : VAZHUTHACAUD

TRIVANDRUM.

Price As. 8

... ISLAM HIGH SCHOOL ... ERNAKULAM

# വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

## സ്റ്റാൻഡാർഡ് VI

(1) വേലുത്തമ്പിദളവാ .... [വീരചരിത്രം]
(2) മുടിയനായ പുത്രൻ ... .... [ഏകാങ്കനാടകം]
(3) ചീത ... ... [സംഭാഷണഗാനം]
(4) വിമാനത്തിന്റെ കഥ .... ... [ശാസ്ത്രം]
(5) ധർമ്മരശ്മി... .... .... [ജീവചരിത്രം]

## സ്റ്റാൻഡാർഡ് VII

(1) ശ്രീനാരായണഗുരു .... .... [ജീവചരിത്രം]
(2) റേഡിയോ .... .... ... [ശാസ്ത്രം]
(3) സഹപാഠികൾ .... .... ... [ഗാനനാടകം]
(4) അവർ ഇന്നും ജീവിക്കുന്നു .... [ജീവചരിത്രസമാഹാരം]
(5) നമ്മുടെ ആഘോഷങ്ങൾ ... [സാമൂഹ്യചരിത്രം]

## സ്റ്റാൻഡാർഡ് VIII

(1) ആകാശജേതാക്കൾ ... [സഞ്ചാരപരീക്ഷണങ്ങൾ]
(2) സിനിമാ ... ... .... [ശാസ്ത്രം]
(3) ജ്ഞാനപ്പാന .... .... [ഹിതോപദേശം]
(4) തിലോത്തമ (ഒന്നാംഭാഗം)
[ഭാരതീയാഖ്യായികാസംഗ്രഹം]
(5) തിലോത്തമ (രണ്ടാംഭാഗം)
[ഭാരതീയാഖ്യായികാസംഗ്രഹം]

## സ്റ്റാൻഡാർഡ് IX

(1) ബാപ്പുജി ... ... ... [ജീവചരിത്രം]
(2) ശരീരമാദ്യം .... ... ... [ശരീരശാസ്ത്രം]
(3) ബിന്ദുക്കൾ ... .... [ശ്ലോകസമാഹാരം
(4) ഇൻഡ്യ മുന്നോട്ട് (ഒന്നാംഭാഗം) [രാജ്യചരിത്രം]
(5) ഇൻഡ്യ മുന്നോട്ട് (രണ്ടാംഭാഗം) [രാജ്യചരിത്രം]

## സ്റ്റാൻഡാർഡ് X

(1) ചെങ്കോലും മരവുരിയും .... .... [നാടകം]
(2) സമ്പൂർണ്ണജീവിതം .... ... [ജീവചരിത്രം]
(3) ഭാവദർപ്പണം ... ... [കവിതാസമാഹാരം]
(4) ഇരുളും വെളിച്ചവും (ഒന്നാംഭാഗം)
[പാശ്ചാത്യാഖ്യായികാസംഗ്രഹം]
(5) ഇരുളും വെളിച്ചവും (രണ്ടാംഭാഗം)
[പാശ്ചാത്യാഖ്യായികാസംഗ്രഹ

## സ്റ്റാൻഡാർഡ് XI

(1) മൗലികാവകാശങ്ങൾ ... [രാഷ്ട്രീയകാര്യം]
(2) സീതാപരിത്യാഗം .... [കവിതാസംഗ്ര
(3) കൈരളിയുടെ കഥ—ഒന്നാംഭാഗം }
(4) കൈരളിയുടെ കഥ—രണ്ടാംഭാഗം } (സാഹി
(5) കൈരളിയുടെ കഥ—മൂന്നാംഭാഗം }

# ഈ ഗ്രന്ഥപരമ്പരയെപ്പററി

അപ്പർ പ്രൈമറി സ്കൂളിലേയും സെക്കൻഡറി സ്കൂളിലേയും വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് ഞങ്ങൾ ഈ ഗ്രന്ഥപരമ്പര തയാറാക്കിയിട്ടുള്ളതു്. ഓരോ ക്ലാസ്സിലേയും മാതൃഭാഷാധ്യയനത്തിന് നിർദ്ദേശിച്ചിട്ടുള്ള പുസ്തകങ്ങളിൽ കുട്ടികൾ പരിചയിക്കുന്ന പദങ്ങളേയും പ്രയോഗങ്ങളേയും ശൈലികളേയും അവരുടെ മനസ്സിൽ കൂടുതൽ ദൃഢമായി പ്രതിഷ്ഠിക്കുന്നതിനും ബഹുമുഖമായ വിജ്ഞാനം അവർക്ക് നൽകുന്നതിനും ഉപകരിക്കത്തക്കവിധം ഈ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യങ്ങളും പ്രതിപാദനരീതിയും ക്രമപ്പെടുത്തി സംവിധാനം ചെയ്തിട്ടുണ്ട്. ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ മാനസികവും ഭാഷാവിജ്ഞാനപരവുമായ നിലവാരത്തിനൊപ്പിച്ചാണ് അതാതു ക്ലാസ്സിലേയ്ക്കു് പുസ്തകങ്ങൾ നിർമ്മിച്ചിട്ടുള്ളതു്. മുൻക്ലാസ്സുകളിലെ പുസ്തകങ്ങളിലുള്ള പദങ്ങളും രചനാശൈലികളും വേണ്ടിടത്തോളം അടുത്ത ക്ലാസ്സുകളിലെ ഗ്രന്ഥങ്ങളിൽ ആവർത്തിക്കുക, ഓരോ ക്ലാസ്സിലുമുള്ള വിദ്യാർത്ഥികൾക്ക് പുതിയ വാക്കുകളും നൂതനശൈലികളും മനസ്സിലാക്കാൻ അവസരം നൽകുക, മലയാളസാഹിത്യത്തിലെ സുപ്രധാനവും മനോഹരവുമായ കവിതകളോടും അവയുടെ കർത്താക്കന്മാരോടും സമ്പർക്കം പുലർത്താൻ കുട്ടികളെ സഹായിക്കുക, ഗാനനാടകം, ഗദ്യനാടകം, ഒററശ്ലോകം, ഭാഷാഗാനം, ജീവചരിത്രം, ദേശചരിത്രം, നോവൽ, സഞ്ചാരകഥ, ശാസ്ത്രം, സാമാന്യവിജ്ഞാനം, തുടങ്ങിയ വിവിധവിഷയങ്ങളിൽ ബാലികാബാലന്മാർക്ക് കൗതുകം ഉളവാക്കുക, എന്നിവയാണ് ഈ ഗ്രന്ഥപരമ്പരയുടെ മുഖ്യലക്ഷ്യങ്ങൾ. ഇക്കാര്യത്തിൽ ഞങ്ങൾ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു നിശ്ചയിക്കേണ്ടതു് ഇന്നാട്ടിലെ അദ്ധ്യാപകസുഹൃത്തുക്കളും വിദ്യാഭ്യാസവിചക്ഷണന്മാരുമാണ്.

പ്രസാധകർ {
മുൻഷി പി. ശ്രീധരൻനായർ
എൻ. കൃഷ്ണപിള്ള
വി. ആനന്ദക്കുട്ടൻനായർ

# ഈ ഗ്രന്ഥത്തെപ്പററി

കേരളത്തിൽ ആചരിച്ചു വരുന്ന ആഘോഷങ്ങളിൽ പലതും കുട്ടികൾക്കു പരിചയമുള്ളവയാണ്. നമ്മുടെ ദേശ ചരിത്രത്തോടും സംസ്കാരത്തോടും കെട്ടുപെട്ടുകിടക്കുന്ന ആ ആഘോഷങ്ങളുടെ ലഘുവിവരണമാണ് ഈ പുസ്തകം. തനികേരളീയവും അഖിലഭാരത പ്രാധാന്യമുള്ളതുമായ ആഘോഷങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃത്യാ ആഘോഷപ്രിയരായ ബാലികാബാലന്മാർക്ക് ഇത്തരം ഒരു ഗ്രന്ഥം പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

---

*(All Rights Reserved)*

# നമ്മുടെ ആരോഷങ്ങൾ

## അദ്ധ്യായം 1

പത്തുമണിമുതൽ നാലുമണിവരെ പഠിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾക്ക് നാലുമണി കഴിഞ്ഞാൽ പിന്നെ എന്തൊരു ഉത്സാഹമാണു! അത്രയും നേരം ഒട്ടുമിക്കവാറും ഒരിടത്തുതന്നെ ഇരുന്നു്, അധ്യാപകൻ പറയുന്ന കാര്യങ്ങൾ തുടരെക്കേട്ടു്, വായനയും കണക്കുകൂട്ടലും നടത്തി, പിന്നീടു പുറത്തിറങ്ങുമ്പോൾ നിങ്ങളുടെ ശരീരവും മനസ്സും ഒന്നുപോലെ ക്ഷീണിച്ചിരിക്കും. തുള്ളിച്ചാടിക്കളിക്കാനും നേരമ്പോക്കു തട്ടിവിട്ടുപൊട്ടിച്ചിരിക്കാനും രസമുള്ള കുസൃതികൾ കാണിക്കാനുമൊക്കെ അപ്പോൾ ഏതുകുട്ടിക്കും തോന്നിപ്പോകും. ചിലർ പന്തു

കളിസ്ഥലത്തേയ്ക്ക് ഓടിച്ചെല്ലും. മററു ചിലർ വേറെ ചില കളികരംക്കു വട്ടംകൂട്ടും. ഇനി ഒരു കൂട്ടർ ഒത്തു ചേൎന്ന്, ആഹ്ളാദസിച്ച്, അവരവരുടെ വീടുകളിലേയ്ക്ക് യാത്രയാകും. ഇങ്ങനെ [1] വിനോദപൂൎവ്വം വിശ്രമിക്കാൻ സമയമില്ലാത്തവൎക്ക്, സന്തോഷം പഠിക്കാനും ബുദ്ധി കൊണ്ടു ജോലിചെയ്യാനും സാധിക്കുകയേ ഇല്ല.

ഇതാണു നിങ്ങളുടെ കാര്യം. ഇതുപോലെതന്നെ നിങ്ങളുടെ അധ്യാപകൻെറ അവസ്ഥയും. സ്വന്തംജോലി ഉന്മേഷത്തോടെ ചെയ്തുതീക്കണമെങ്കിൽ അദ്ദേഹത്തിനും വിശ്രമം വേണം. മനസ്സിനു് ആനന്ദം പകരുന്നവിധത്തിൽ ആ വിശ്രമാവസരം ഉപയോഗിക്കണം. ആശാരി, കൊല്ലൻ, കൃഷിക്കാരൻ, കച്ചവടക്കാരൻ, തുടങ്ങിയ എല്ലാത്തരം ജോലിക്കാൎക്കും വിശ്രമം കൂടിയേതീരൂ. സന്ധ്യവരെ വേലചെയ്തു തളൎന്ന പണിക്കാർ അനന്തരം സിനിമാശാലകളിലും നാടകപ്പുരകളിലും തിരക്കിട്ടുപോകുന്നതു് നിങ്ങരം കണ്ടിരിക്കുമല്ലോ.

വിശ്രമം എന്നുവച്ചാൽ ഒന്നും ചെയ്യാതെ ഒരിടത്തു് ഇരിക്കുകയോ കിടക്കുകയോ ചെയ്യുക എന്നല്ല

---

1. വിനോദപൂൎവ്വം = വിനോദത്തോടുകൂടി

അത്ഥം. അങ്ങനെ വിശ്രമിക്കുന്നവക്ക് ഒരു സുഖവും കിട്ടുകയില്ല. വീണ്ടും പ്രവത്തിക്കാൻ വേണ്ട കഴിവും താല്പര്യവും ഊജ്ജിതവും കിട്ടണമെന്നുള്ള പക്ഷം, വിശ്രമിക്കുന്ന അവസരത്തിൽ നാം ആനന്ദം അനുഭവിക്കണം. ഒരു വേല ചെയ്തുകൊണ്ടിരിക്കുമ്പോൾ അതു് ഭംഗിയായും പൂണ്ണമായും ശീഘ്രമായും നിർവഹിക്കണമെന്നാണ് നമ്മുടെ ലക്ഷ്യം. [1] ആ ലക്ഷ്യത്തിൽ നമ്മുടെ മനസ്സ് എപ്പോഴും ഉടക്കിയിരിക്കും. ഒററക്കാര്യത്തിലേ ശ്രദ്ധ മുഴുവനും അപ്പിക്കാൻ ആ സന്ദർഭത്തിൽ കഴിയുകയുള്ളൂ. എത്ര താല്പര്യവും ജാഗ്രതയും ഉണ്ടായിരുന്നാലും, മനസ്സിനു് [3]യഥേഷ്ടം സഞ്ചരിക്കാൻ സാധ്യമല്ലാത്തതിനാൽ ആനന്ദം അല്പമായിരിക്കും. വേല കഴിഞ്ഞു വിശ്രമിക്കുമ്പോൾ മനസ്സിൻെറ മുറുക്കം കുറയും. അതിനു് ഒരു അയവു കിട്ടും. അപ്പോൾ കിട്ടാവുന്നിടത്തോളം ആനന്ദം സമ്പാദിക്കാൻ മനസ്സ് ആഗ്രഹിച്ചുപോകും. ആനന്ദം ഉണ്ടാക്കുന്ന വിഷയങ്ങൾ തയാറായിരുന്നാൽ, മനസ്സിൻെറ വാട്ടവും ചടവുമെല്ലാം നീങ്ങും. വീണ്ടും ശക്തിയും ഉത്സാഹവും നമുക്കു ലഭിക്കും.

---

1. ലക്ഷ്യം = ഉന്നം
2. ജാഗ്രത = ഉണർവ്വ്
3. യഥേഷ്ടം = ഇഷ്ടംപോലെ

ഒരു ഉദാഹരണം പറയാം. നല്ല പരിചയമുള്ള [1] ദൃഷ്ടാന്തമാണ് അതു്. ഫുട്ബാളിൽ കാററടിച്ചുകയററുന്നതു് കണ്ടിരിക്കുമല്ലോ. കാററു നിറച്ച പന്താണ് കളിക്കു് ഉപയോഗിക്കുന്നതു്. കളികഴിഞ്ഞാലുടനെ, കാററു് തുറന്നുവിട്ടു് പന്തു് അയച്ചിടാറുണ്ടു്. വീണ്ടും കളിക്കേണ്ടിവരുമ്പോഴാണ് കാററടയ്ക്കൽ പിന്നീടുംനടത്തുന്നതു്. അയച്ചിടാതെ സൂക്ഷിച്ചിരുന്നാൽ പന്തു് ചീത്തയായിപ്പോകും. അതുപോലെയാണ് വിശ്രമത്തിൻെറ കഥയും. വേല കഴിഞ്ഞു് വിശ്രമം അനുഭവിച്ചില്ലെങ്കിൽ വേല ആവത്തിക്കാൻ മനുഷ്യനു ശേഷികാണുകയില്ല. വേല തുടൻകൊണ്ടേയിരുന്നാൽ, പന്തു ചീത്തയായി പൊട്ടിപ്പോകുന്നതുപോലെ, മനുഷ്യനും തകരാതെ തരമില്ല.

വേല ചെയ്യുന്നവനു് ആനന്ദകരമായ വിശ്രമം ഒഴിച്ചുവയ്ക്കാൻപാടില്ലെന്നു നാം പറഞ്ഞു. അതുപോലെ തന്നെ പറയാം, ജോലി ചെയ്യാത്തവൻെറ വിശ്രമത്തെക്കുറിച്ചും. നേരം പുലന്നാൽ പിറേറന്നു പുലരുന്നതുവരെ പറയത്തക്ക യാതൊരുജോലിയും ചെയ്യാതിരിക്കുന്നവനു് വിശ്രമസുഖം എന്തെന്നു് എങ്ങനെ അറിയാൻ കഴിയും?

---

1. ദൃഷ്ടാന്തം = ഉദാഹരണം

അയാരം എപ്പോഴും വിശ്രമിക്കുകയാണു്. പക്ഷെ ആന ന്ദം അയാരംക്കു് ആസ്വാദിക്കാൻ നിവൃത്തിയില്ല. രാത്രി യില്ലെങ്കിൽ പകലിന്റെ വെളിച്ചത്തിനു് എന്തു്പ്രാധാ ന്യമാണുള്ളതു്? [1] ദീപപ്രഭ അറിയുന്നതിനു് ഇരുട്ടു കൂടിയേ കഴിയൂ. ശ്രമവും വിശ്രമവും ഇടകലർന്നിരു ന്നാലേ രണ്ടുകൊണ്ടും വിശേഷമുള്ളൂ.

---

## ചോദ്യങ്ങരം

1. വിശ്രമം അത്യാവശ്യമാണെന്നു പറയാൻ എന്താണു് കാരണം?
2. വിശ്രമം എന്നാൽഎന്തു്?
3. ശ്രമമില്ലാത്തവന്റെ വിശ്രമത്തിനു വിലയില്ലെന്നു് ഉദാ ഹരണസഹിതം സ്ഥാപിക്കുക.

---

1. ദീപപ്രഭ = വിളക്കിന്റെ പ്രകാശം

വിശ്രമം × ശ്രമം

## അദ്ധ്യായം 2

നിങ്ങൾ പഠിക്കുന്ന വിദ്യാലയത്തിൽ ആണ്ടിലൊരിക്കൽ ഒരു വിശേഷസംഭവം നടക്കാറില്ലേ? അന്ന് ഒരു ക്ലാസ്സിലും പഠിത്തമില്ല. അധ്യാപകന്മാർക്ക് അന്ന് പതിവുജോലി ചെയ്യേണ്ടതില്ല. നിങ്ങൾക്ക് കൂട്ടുകൂടി അങ്ങുമിങ്ങും സ്വച്ഛന്ദമായി നടക്കാം. പത്തുമണിക്കു മണിയടിക്കുകയില്ല. എല്ലാവിദ്യാർത്ഥികളും അധ്യാപകന്മാരും ഒന്നിച്ചിരുന്ന് കാപ്പികുടിക്കും. എല്ലാപേരും അണിനിരന്നുനിന്ന്, വിദ്യാലയപതാകയും ദേശീയപതാകയും ഉയർത്തി, വന്ദനം നടത്തും. വിദ്യാർത്ഥികളോടൊപ്പം രക്ഷാകർത്താക്കളും ഒരു പന്തലിൽ ഒത്തുകൂടി യോഗനടപടികൾ ശ്രദ്ധിച്ചുകൊണ്ടിരിക്കും. അതുകഴിഞ്ഞ് പല കലാപ്രകടനങ്ങൾ കണ്ടു രസിക്കും.

ആ ദിവസം ഏതാണെന്ന് ഇത്രയും വായിക്കുന്നതിനുമുമ്പ് നിങ്ങൾക്കു മനസ്സിലായിരിക്കും. 'വിദ്യാലയദിനം' ആണത്. നിങ്ങളിൽ ഓരോരുത്തർക്കും ആനന്ദിക്കാൻ, എല്ലാവർക്കും ആനന്ദിക്കാൻ, വിദ്യാലയത്തിലെ ശിപായിതൊട്ട് ഹെഡ്മാസ്റ്റർവരെയുള്ള സർവമനുഷ്യർക്കും ഒന്നിച്ചാനന്ദിക്കാൻ, ഒരു ദിവസം നീക്കിവച്ചിരിക്കുകയാണ്.

"വേലനാളെ, [1] ജഗത്തിനിന്നുതസ —
വേളയെന്നു [2] വിളംബരംചെയ്യുക"

എന്നാണു് ആ വിദ്യാലയത്തിൽ എവരുടേയും ഭാവം എന്നു് ഏതു സന്ദർശകനും ഒററനോട്ടത്തിൽ ഗ്രഹിക്കാം.

ഒരു വിദ്യാലയത്തിലെ എല്ലാ ആളുകൾക്കും പൊതുവിലുള്ള ആഘോഷദിനമാണു് മേല്പറഞ്ഞ ദിവസം. ഒരാളിനുമാത്രം വിശ്രമിക്കാനും ആനന്ദിക്കാനുമായിട്ടല്ല ആ തീയതി നിശ്ചയിച്ചിട്ടുള്ളതു്. അന്നുവരെ ഒരേ ജോലിയിൽ ഏർപ്പെട്ടിരുന്ന വിദ്യാർത്ഥികൾക്കെല്ലാം അന്നു് ഒരേ ഒരുഉന്നമേയുള്ളു-ആനന്ദപൂർണ്ണമായ വിശ്രമം. ചെറിയ ക്ലാസ്സിലും വലിയക്ലാസ്സിലും പഠിക്കുന്നവർ തമ്മിൽ ഒരു വ്യത്യാസവുമില്ല. അദ്ധ്യാപകനും വിദ്യാത്ഥിയുമെന്ന ഭേദബുദ്ധിക്കു് അന്നു് അവിടെ സ്ഥാനമില്ല. മിടുമിടുക്കനും തിരുമണ്ടനും ഒരുപോലെ ആനന്ദിക്കുകയാണു്. ജാതിചിന്തയോ മതചിന്തയോ വിദ്യാത്ഥികളെ പരസ്പരം അകററി നിറുത്തുന്നില്ല. ഒരു വലിയ സ്ഥാപനത്തിൽഒന്നിച്ചു

---

1 ജഗത്തു് = പ്രപഞ്ചം
2 വിളംബരംചെയ്യുക = പ്രഖ്യാപിക്കുക
മിടുമിടുക്കൻ × തിരുമണ്ടൻ

ISLAM HIGH SCHOOL ERNAKULAM

ജീവിച്ച്, ഒന്നിച്ചു ജോലിചെയ്ത്, ഒന്നിച്ചു വിശ്രമിക്കുന്ന കുറേ വ്യക്തികളെന്ന് അവർ തങ്ങളെപ്പററി വിചാരിക്കുന്നു. [1] ഐക്യബോധവും [2] സൗഭ്രാത്രവും കളിയാടുന്നു.

നിങ്ങളുടെ അനുജൻെറ പിറന്നാൾ ആഘോഷിക്കുന്ന ദിവസം വീട്ടിലെ എല്ലാ അംഗങ്ങൾക്കും നിറഞ്ഞ ആനന്ദമാണുള്ളത്. നിങ്ങൾ അന്ന് പള്ളിക്കൂടത്തിൽ പോകാതെ വീട്ടിൽനിന്നെന്നുവരും. അച്ഛൻ അന്ന് അവധിയെടുത്ത് മകൻെറ പിറന്നാൾസദ്യയ്ക്കു മേൽനോട്ടം വഹിച്ചെന്നിരിക്കും. അമ്മയ്ക്ക് അന്ന് ഉത്സാഹത്തോടുത്സാഹംതന്നെ. വീട്ടിലുള്ള എല്ലാ ആളുകളും സന്തോഷപൂർവ്വം സഹകരിക്കുന്നു. മുൻദിവസങ്ങളിൽ ഉണ്ടായിരുന്നതിനെക്കാൾ സ്നേഹം അന്ന് ആ വീട്ടിൽ അലതല്ലുന്നു. കുഞ്ഞിൻെറ പിറന്നാൾ എന്ന സംഭവം ഗൃഹത്തിലെ അംഗങ്ങളെ കൂടുതൽ കൂട്ടിയിണക്കുന്നു.

ആണ്ടുതോറും നാം ആഘോഷിക്കാറുള്ള 'സ്വാതന്ത്ര്യദിനം' ഒരു വലിയ പിറന്നാളാണ്. ആഗസ്റ്റ് പതിനഞ്ചാംതീയതിയാണല്ലോ ആ ആഘോഷം ഭാരതം

---

1 ഐക്യബോധം = ഒത്തൊരുമയെപ്പററിയുള്ള അറിവ്

2 സൗഭ്രാത്രഭാവം = നല്ല സഹോദരങ്ങളെന്ന അവസ്ഥ

ട്ടാകെ ആചരിക്കപ്പെടുന്നതു്. എല്ലാജാതികളിലും മതങ്ങളിലും പെട്ട ജനങ്ങൾ ഇതിൽ പങ്കെടുക്കും. കൊച്ചുകുട്ടികൾതൊട്ടു വൃദ്ധന്മാർവരെ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. കന്യാകുമാരിമുതൽ കാശ്മീരംവരെ നീണ്ടുകിടക്കുന്ന ഭാരതത്തിലെ ഗ്രാമങ്ങളിലും നഗരങ്ങളിലും നിവസിക്കുന്ന ജനലക്ഷങ്ങൾ അന്നത്തെ ആഘോഷപരിപാടികളിൽ [1]സാഭിമാനം [2]ഭാഗഭാക്കുകളാകുന്നു. കൊടികളും തോരണങ്ങളും ദേശീയപതാകാവന്ദനവും പൊതുയോഗങ്ങളും കതിനാവെടിയുമെല്ലാം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ആ ദിവസത്തിൽ ഉണ്ടായിരിക്കും. തൊഴിൽ ശാലകൾക്കും കച്ചേരികൾക്കും വിദ്യാലയങ്ങൾക്കും കോടതികൾക്കും, എന്നു വേണ്ട, എന്തെങ്കിലും ജോലി നടത്തുന്ന എല്ലാ സ്ഥാപനങ്ങൾക്കും സ്വാതന്ത്ര്യദിനം ഒഴിവുദിവസമാണു്. എന്താണു് ആ ദിവസത്തിന്റെ പ്രത്യേകത? നമുക്കു് സ്വാതന്ത്ര്യം ലഭിച്ചതു് അന്നാണു്. നൂററിയമ്പതിൽ ചില്ലാനം വർഷം നമ്മെ ഭരിച്ചതു് ബ്രിട്ടീഷുകാരായിരുന്നു. നമ്മുടെ ഇഷ്ടം പോലെ ജീവിക്കാനും നമുക്കു് ആവശ്യമുള്ള കാര്യങ്ങൾ

---

1 സാഭിമാനം—അഭിമാനത്തോടുകൂടി

2 ഭാഗഭാക്കുകൾ—പങ്കാളികൾ

സാധിക്കാനും അവർ അനുവദിച്ചിരുന്നില്ല. നമ്മുടെ സമ്പത്തു മുഴുവനും ആ വിദേശികൾ പല വിധത്തിൽ [1] അപഹരിച്ചുകൊണ്ടിരുന്നു. ഈ ദുരവസ്ഥ നീങ്ങിക്കിട്ടാൻ ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കുക മതിയാവൂ എന്ന നിലവന്നു. മഹാത്മാഗാന്ധിയുടെ [3] നേതൃത്വത്തിൽ ഭാരതീയർ സ്വാതന്ത്ര്യലബ്ധിക്കായി ഒരു [4] സമരം സംഘടിപ്പിച്ചു. വെള്ളക്കാരന്റെ വെടിയുണ്ടയും ലാത്തിയടിയുമേററു് പലരും മരിച്ചു വീണു. തടവുമുറികളിലെ തണുത്ത തറകളിൽ എത്രയോ ദേശഭക്തന്മാർ കിടന്നു നരകിച്ചു. ഇങ്ങനെ കാൽനൂററാണ്ടിലധികംകാലം നീണ്ടുനിന്ന സമരത്തിന്റെ ഫലമായി നാം [5] പരദേശിയരെ [6] പരാജയപ്പെടുത്തി. മാനമായും അന്തസ്സായും ജീവിക്കാൻ അവശ്യം വേണ്ട സ്വാതന്ത്ര്യം നാം സമ്പാദിച്ചു. 1947 ആഗസ്റ്റ് പതിനഞ്ചാം തീയതിയാണ് ഭാരതീയർ സ്വാതന്ത്ര്യം പ്രഖ്യാപിച്ചതു്. നമുക്കു് ഏററവും

---

1 അപഹരിക്കുക–മോഷ്ടിക്കുക (തട്ടിയെടുക്കുക)

2. ദുരവസ്ഥ – ചീത്ത അവസ്ഥ

3. നേതൃത്വം – നായകത്വം

4. സമരം – യുദ്ധം

5. പരദേശികൾ – അന്യദേശത്തുള്ളവർ

6. പരാജയം – തോൽവി

വിലപ്പെട്ട സ്വാതന്ത്ര്യം ആദ്യമായി ഉദയംചെയ്ത ആ ദിവസത്തെ ആണ്ടുതോറും [1] കൊണ്ടാടാൻ നാം കൗതുകം കാണിക്കുക സ്വാഭാവികമാണ്. അന്ന് ഈ മഹാരാജ്യത്തിലെ ഓരോ പൗരനും "ഞാൻ ഭാരതീയനാണ്" എന്നു ചിന്തിച്ച് ആവേശംകൊള്ളുന്നു. നാടൊട്ടുക്ക് ആനന്ദിക്കുന്ന [2] ജനാവലിക്ക് ഐകമത്യവും സംഘടനാബോധവും [3] പ്രദാനംചെയ്യുന്ന ഒരു ദേശീയദിനമാണ് ആഗസ്റ്റ് പതിനഞ്ച്.

ഏതു രാജ്യത്തും ഇത്തരം ആഘോഷങ്ങൾ ഒട്ടുവളരെ ഉണ്ടായിരിക്കും. [4] സമാനഹൃദയങ്ങളോടെ കൂട്ടുകൂടി ആനന്ദിക്കാൻ ഇഷ്ടപ്പെടുന്നവരാണ് മനുഷ്യർ. ഒററതിരിഞ്ഞ് ഉല്ലസിക്കുന്നതുകൊണ്ടുമാത്രം അവർ തൃപ്തിപ്പെടുന്നില്ല. ഒരു വീട്ടിലുള്ളവർക്ക് ഒത്തുചേർന്ന് ആഘോഷിക്കാൻ പിറന്നാളുകൾ പററിയവയാണ്. ഒരു പള്ളിക്കൂടത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാംകൂടി ഒന്നി

---

1. കൊണ്ടാടുക = വാഴ്ത്തുക, ആഘോഷിക്കുക
2. ജനാവലി = മനുഷ്യസമൂഹം
3. പ്രദാനം ചെയ്യുക = കൊടുക്കുക
4. സമാനഹൃദയങ്ങൾ = ഒരേ വിധത്തിൽ പ്രവർത്തിക്കുന്ന ഹൃദയങ്ങൾ

ച്ച് ആഘോഷിക്കുന്നതിന് 'വിദ്യാലയദിനം' പ്രയോജനപ്പെടുന്നു ഒരു വിശാലമായ രാജ്യത്തിലെ കോടിക്കണക്കിനുള്ള ജനങ്ങൾ ഒത്തൊരുമയോടെ കൊണ്ടാടുന്ന 'സ്വാതന്ത്ര്യദിന'ത്തെപ്പററി നാം പറഞ്ഞുവല്ലോ. ലോകമെങ്ങുമുള്ള ജനതകൾ ഒരേകാലത്ത് ഒരേമട്ടിൽ ആചരിക്കുന്ന ആഘോഷങ്ങളും ഇല്ലാതില്ല. ഇവയെല്ലാംതന്നെ മനുഷ്യൻ [1] സാമൂഹ്യജീവിയായി കഴിയാൻ ഇഷ്ടപ്പെടുന്നു എന്നു തെളിയിക്കുന്ന വസ്തുതകളാണ്. മനുഷ്യനെ മനുഷ്യനുമായി കൂട്ടിയിണക്കുന്ന സുവർണ്ണശൃങ്ഖലകളാണ് ഇപ്രകാരമുള്ള ആഘോഷങ്ങൾ.

മലയാളികളുടെ മാതൃദേശമായ കേരളത്തിൽ പ്രചരിക്കുന്ന ആഘോഷങ്ങളെക്കുറിച്ചു മാത്രമേ ഈ ലഘുഗ്രന്ഥത്തിൽ പറയാൻ [3] നിർവാഹമുള്ളു. അവയെ മൂന്നു വിഭാഗങ്ങളിൽപ്പെടുത്താം. ആദ്യമായി ഇൻഡ്യയിലെങ്ങും ആചരിക്കുന്നതും ഇൻഡ്യയുടെ ഒരംശമായ കേരളത്തിൽക്കൂടി വ്യാപിച്ചിട്ടുള്ളതുമായ ആഘോഷങ്ങ

---

1. സാമൂഹ്യജീവി–സമൂഹവുമായി ഇടപെട്ടു ജീവിക്കുന്ന ആൾ
2. സുവർണ്ണശൃങ്ഖല,= നല്ല നിറമുള്ള ചങ്ങല
3. നിർവാഹമുള്ളു = നിവൃത്തിയുള്ളു

ളാണ്. കേരളത്തിൽ മാത്രമുള്ളതും കേരളീയർ [1]ജാതിമതഭേദമെന്യേ അംഗീകരിക്കുന്നതുമായ ദേശീയാഘോഷങ്ങളെ മറെറാരു വകുപ്പിൽ പെടുത്താം. ഒരു പ്രത്യേക ജനവിഭാഗംമാത്രം നടത്തുന്ന ആഘോഷങ്ങളാണ് മൂന്നാമത്തെ ഇനം. ഇങ്ങനെ മൂന്നു തരത്തിലുള്ള ആഘോഷങ്ങളിൽ പലതും ആദ്യമായി ആരംഭിച്ചതെങ്ങനെ എന്ന ചോദ്യത്തിനു ചിലപ്പോൾ ഉത്തരം പറയാം; ചിലപ്പോൾ മറുപടി പറയാൻ കഴിയാതെവരും. പുരാണകഥകളോടു ബന്ധപ്പെടുത്തിയാണ് പല ആഘോഷങ്ങളുടെയും [2]ഉല്പത്തിവൃത്താന്തം പറഞ്ഞുവരാറുള്ളത്. ചരിത്രസംഭവങ്ങളെയും ചരിത്രപുരുഷന്മാരെയും [3]ആസ്പദമാക്കി ചില ആഘോഷങ്ങളുടെ [4]ആഗമം വർണ്ണിക്കാറുണ്ട്. രാജ്യത്തിലെ ഭൂപ്രകൃതി, കാലാ

---

1. ജാതിമതഭേദമെന്യേ = വെവ്വേറെ ജാതികളെന്നും ഭിന്നമതങ്ങളെന്നുമുള്ള വിചാരം കൂടാതെ
2. ഉല്പത്തി വൃത്താന്തം = ഉദ്ഭവത്തെപ്പററിയുള്ള കഥ
3. ആസ്പദമാക്കി = ആശ്രയമാക്കി
4. ആഗമം = വരവ്, ഉൽപ്പത്തി

വസ്ഥ, ജനങ്ങളുടെ ജീവിതരീതി, എന്നിവയുമായി [1] ഗാഢബന്ധമുള്ള ആഘോഷങ്ങളും കുറവല്ല.

---

### ചോദ്യങ്ങൾ

1. ചില സാമൂഹ്യാഘോഷങ്ങൾ വിവരിച്ച് അവയുടെ ലക്ഷ്യം വെളിപ്പെടുത്തുക.
2. കേരളീയാഘോഷങ്ങളെ ഏതെല്ലാം ഇനങ്ങളിൽ ഉൾപ്പെടുത്താം. ?

---

1. ഗാഢബന്ധം = മുറുകിയ കെട്ടുപാട്

# അദ്ധ്യായം 3

നമ്മുടെ ആഘോഷങ്ങളിൽ ഓണത്തെപ്പോലെ പ്രധാനവും സാർവത്രികവുമായി മറെറാന്നില്ല. സ്വദേശത്തും വിദേശത്തും പാക്കുന്ന മലയാളികഠം ആനന്ദത്തിൽ ആറാടുന്ന ദിവസമാണു് ചിങ്ങമാസത്തിലെ തിരുവോണനാഠം. ഹിന്ദുക്കളാണു് ഓണത്തിനു് അധികം പ്രാധാന്യം കല്പിക്കുന്നതെങ്കിലും മററു മതക്കാരായ മുഹമ്മദീയരും ക്രിസ്ത്യാനികളും ഓണാഘോഷത്തിൽ തല്പരരാണു്. 'കാണം വിററും ഓണംകൊള്ളണം', 'ഉണ്ടെങ്കിലോണംപോലെ,' 'തിരുവോണത്തിനില്ലാത്തതോ സംക്രാന്തിക്കു്' എന്നിങ്ങനെ സർവസാധാരണമായിത്തീൎന്നിട്ടുള്ള മലയാളശൈലികഠം ഓണത്തിൻെറ മഹാത്മ്യത്തിനു മങ്ങാത്ത തെളിവുകളാണു്. പണ്ടു് തമിഴ്നാട്ടിലും ഓണം ആഘോഷിക്കപ്പെട്ടിരുന്നു എന്നു് കാണിക്കാൻ തെളിവുകളുണ്ടു് പക്ഷേ കഴിഞ്ഞ പലപല നൂററാണ്ടുകളിലായി തികച്ചും കേരളീയമായ ഒരു ദേശീയോത്സവമായിട്ടാണു് ഓണത്തിൻെറ പ്രസിദ്ധി.

ഓണാഘോഷത്തിൻെറ ഉല്പത്തിയെപ്പററി പല വിശ്വാസങ്ങളുമുണ്ടു്. അവയിൽ പ്രബലമായിട്ടുള്ളതു്

വാമനാവതാരകഥയാണ്. ആ കഥ ഒന്നു ചുരുക്കിപ്പറയാം. മൂന്നു ലോകങ്ങളും അടക്കി ഭരിച്ചിരുന്ന മഹാബലി എന്ന ചക്രവൎത്തിയുടെ കാലത്തു് സത്യവും ധൎമ്മവും സമൃദ്ധിയും രാജ്യമെങ്ങും പണ്ടില്ലാത്തവിധം പുലൎന്നു. മഹാബലിയുടെ ഐശ്വൎയ്യംകൊണ്ടു് ദേവന്മാരുടെ ശക്തി നന്നേ കുറഞ്ഞു. അവരുടെ അപേക്ഷ അനുസരിച്ചു് മഹാവിഷ്ണു വാമനൻ എന്ന ഒരു ബ്രാഹ്മണബാലൻെറ വേഷത്തിൽ മഹാബലിയെ സമീപിച്ചു് തനിക്കു തപസ്സുചെയ്യാൻ മൂന്നടി സ്ഥലം വേണമെന്നു് ഇരന്നു. [1] ലോകൈകസാമ്രാട്ടായ മഹാബലിക്കുണ്ടോ ആ യാചന സഫലമാക്കാൻ വിഷമം! അദ്ദേഹം ബാലൻെറ ആഗ്രഹം സാധിച്ചുകൊടുക്കാമെന്നു് സത്യം ചെയ്തു. ഉടൻതന്നെ [3] കൃശഗാത്രനായ വാമനൻ [4] ഭീമാകൃതി കൈക്കൊണ്ടു. രണ്ടടികൊണ്ടു് മഹാബലിയുടെ സാമ്രാജ്യം മുഴുവനും അളന്നു്, മൂന്നാമത്തെ അടിക്കു സ്ഥലം കാണിക്കാൻ മഹാവിഷ്ണു ആവശ്യപ്പെട്ടപ്പോൾ, രാജാവു് തൻെറ ശിരസ്സു കാട്ടിക്കൊടുത്തു. വിഷ്ണു മഹാ

---

1. ലോകൈകസാമ്രാട്ട് — ലോകത്തിലെ ഏകചക്രവൎത്തി
2. യാചന = അൎത്ഥന, അപേക്ഷ
3. കൃശഗാത്രൻ = ചെറിയ ശരീരത്തോടുകൂടിയവൻ
4. ഭീമാകൃതി = വലിയ ആകാരം

ബലിയെ പാതാളത്തിലേയ്ക്കു ചവിട്ടിത്താഴ്ത്തി. ആ സന്ദർഭത്തിൽ [1] പ്രജാവത്സലനായ ബലി ഒരു [2] അഭ്യർത്ഥന നടത്തി. തൻെറ പ്രജകളുടെ [3] ക്ഷേമൈശ്വര്യങ്ങൾ വല്ലപ്പോഴും ഒന്നു കാണുന്നതിനു അവസരം നൽകണമെന്നായിരുന്നു അപേക്ഷ. ഒരു കൊല്ലത്തിൽ ഒരു തവണ ഭൂമിയിൽ വന്നു് ആഗ്രഹനിവൃത്തി വരുത്തിക്കൊള്ളാൻ വിഷ്ണു അനുമതിയും നൽകി. അപ്രകാരം മഹാബലി ഭൂലോകസന്ദർശനം നടത്തുന്ന ദിവസമാണു് തിരുവോണം. മഹാനും ധർമ്മശാലിയുമായ അദ്ദേഹത്തെ സന്തോഷിപ്പിക്കുവാനാണു് തിരുവോണത്തിൻനാൾ എല്ലാ മനുഷ്യരും ആവുന്നിടത്തോളം സംതൃപ്തിയും സുഖവും സമൃദ്ധിയുമായി കഴിഞ്ഞുകൂടുന്നതു്.

ഓണത്തിൻെറ ആഗമനത്തെപ്പററി വേറെയുമുണ്ടു് കഥകൾ. മഹാബലി രാജ്യഭാരം ചെയ്തിരുന്ന കാലത്തു്, അദ്ദേഹം തിരുവോണനാളിൽ തൃക്കാക്കര എന്ന സ്ഥലത്തു് ഒരു മഹോത്സവം നടത്തിയിരുന്നതായും ആ മഹാമഹത്തിൽ സംബന്ധിക്കാൻ കഴിയാത്ത നാട്ടുകാർ, അവരുടെ വീടുകളിൽ തൃക്കാക്കരയപ്പൻെറ വിഗ്രഹം

---

1. പ്രജാവത്സലൻ = പ്രജകളോടു സ്നേഹമുള്ളവൻ.
2. അഭ്യർത്ഥന = അപേക്ഷ
3. ക്ഷേമൈശ്വര്യങ്ങൾ = ക്ഷേമവും ഐശ്വര്യവും

പ്രതിഷ്ഠിച്ച് ഉത്സവം ആഘോഷിച്ചുകൊള്ളാൻ മഹാബലി അനുവാദം നൽകിയതായും മാവേലിപ്പാട്ടിൽ പറഞ്ഞുകാണുന്നു. ഇനിയൊരു കഥ പരശുരാമനെ ഉദ്ദേശിച്ചുള്ളതാണ്. അദ്ദേഹം കേരളം സൃഷ്ടിച്ച് ബ്രാഹ്മണർക്ക് ദാനം ചെയ്തു എന്നും, ആപത്തു വല്ലതുമുണ്ടാകുമ്പോൾ തന്നെ ധ്യാനിച്ചാൽ വന്നെത്തി രക്ഷിച്ചുകൊള്ളാമെന്നു പറഞ്ഞിട്ട് അപ്രത്യക്ഷനായി എന്നും, പരശുരാമൻ പറഞ്ഞതു ഫലിക്കുമോ എന്നു പരീക്ഷിക്കാനായി ബ്രാഹ്മണർ ഏറെത്താമസിയാതെ ധ്യാനം നടത്തി അദ്ദേഹത്തെ വരുത്തി എന്നും, താൻ മേലാൽ പ്രത്യക്ഷനാവുകയേ ഇല്ലെന്നു പരശുരാമൻ [1] കുപിതനായി പറഞ്ഞു എന്നും, ക്ഷമായാചനം ചെയ്ത ബ്രാഹ്മണരെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി ചിങ്ങമാസത്തിലെ തിരുവോണത്തിന് വന്നുകൊള്ളാമെന്നു സമ്മതിച്ചു എന്നും, അങ്ങനെ പരശുരാമൻ കേരളത്തിൽ വരുന്ന ദിവസത്തെ ആഘോഷപൂർവം കൊണ്ടാടുന്ന പതിവുണ്ടായി എന്നുമാണ് മറെറാരുകഥ. ഭാസ്കരരവിവർമ്മ എന്ന കേരളരാജാവ് മഹാബലിയുടെ സ്മരണയെ നിലനിറുത്തണമെന്ന ലക്ഷ്യത്തോടു

---

1. കുപിതൻ = കോപിച്ചവൻ

കൂടി, തൻെറ തലസ്ഥാനമായ തൃക്കാക്കരെവച്ച് ഓണാഘോഷം ഏർപ്പെടുത്തിയതായി വിശ്വസിക്കുന്നവരുമുണ്ട്. പക്ഷേ ഈ വിശ്വാസങ്ങൾക്ക് ആധാരമായ കെട്ടുകഥകൾ സ്ഥാപിക്കാൻ ചരിത്രസംബന്ധമായ തെളിവുകൾ ഒന്നുംതന്നെ ഇല്ല. രണ്ടായിരം വർഷക്കാലത്തെ പഴക്കമെങ്കിലുമുള്ള ഈ ആഘോഷത്തിൻെറ ആഗമം ശരിയായി കണ്ടുപിടിക്കാൻ ഇതുവരെ യാതൊരു മാർഗ്ഗവും ലഭിച്ചിട്ടുമില്ല.

ആഗമം എങ്ങനെ ആയാലും, ഓണം ആഘോഷിക്കുന്ന കാലം [1] കേരളശ്രീ തെളിഞ്ഞുവിളങ്ങുന്ന അവസരമാണെന്നു തീർച്ചയാണ്. കടുത്ത വെയിലും ദുസ്സഹമായ മഞ്ഞും മഴയുമില്ലാത്ത ചിങ്ങമാസത്തിൽ, മരങ്ങളും വള്ളികളും തളിർത്തും പൂത്തും, പറമ്പുകളും വേലികളും പച്ചപ്പട്ടു വിരിച്ചും, നെൽപ്പാടങ്ങൾ [2] തങ്കക്കതിരണിഞ്ഞും പ്രശോഭിക്കുമ്പോഴാണ് ആ മഹോത്സവം വന്നണയുന്നതു്. കാറൊഴിഞ്ഞ ആകാശം, [3] പാലൊളിനിലാവു പരത്തുന്ന [4] പനിമതിബിംബം, [5] പ്രകാശസു

1. കേരളശ്രീ = കേരളത്തിൻെറ ഐശ്വര്യം.
2. തങ്കക്കതിർ = തങ്കവർണ്ണത്തിലുള്ള നെൽക്കതിർ.
3. പാലൊളിനിലാവ് = പാലുപോലെ ശോഭയുള്ള ചന്ദ്രിക
4. പനിമതിബിംബം = ചന്ദ്രബിംബം
5. പ്രകാശസുന്ദരം = വെളിച്ചം കൊണ്ടുശോഭയുള്ളതു്

ന്ദരമായ പകലുകൾ, മഴക്കാലത്തെ കലക്കംവിട്ട തെളിച്ചും പൂണ്ട പുഴകൾ, എന്നിങ്ങനെ പലതുകൊണ്ടും രമണീയമാണ് ഓണക്കാലത്തെ പ്രകൃതി. ജനഹൃദയങ്ങളെ [1] ഉന്മേഷഭരിതമാക്കുന്ന ഈ [2] മോഹനകാലംപോലെ ഒരു ദേശീയോത്സവം ആഘോഷിക്കാൻകൊള്ളാവുന്ന അവസരം കേരളീയക്ക് ഉണ്ടാകാനില്ല.

ഓണാഘോഷത്തിന്റെ ചടങ്ങുകൾ പലതും നിങ്ങൾക്കറിയാം. അത്തംമുതൽ തിരുവോണംവരെയുള്ള പത്തു ദിവസത്തെ പ്രഭാതങ്ങളിൽ, ബാലികാബാലന്മാർ കഴുത്തിൽ പൂവട്ടിയും തൂക്കി, പാട്ടുകളും പാടി, പൂക്കളിറുക്കാൻ ഓടിച്ചാടി നടക്കുന്നതു് [3] കൗതുകജനകമായ കാഴ്ചയാണ്. ശേഖരിക്കുന്ന പൂക്കൾ വീടുകളുടെ തിണ്ണയിൽ വിചിത്രമായി അടുക്കിവയ്ക്കുന്നതും ആരെയും ആകർഷിക്കും. അത്തപ്പൂവിടുന്ന സ്ഥലത്തു് തിരുവോണനാളിൽ തൃക്കാക്കരയപ്പന്മാരെ ഉണ്ടാക്കിവച്ച് അടയും പഴവും നിറപറയുംകൊണ്ടു പൂജിക്കുക, അതിനുശേഷം

---

1. ഉന്മേഷഭരിതം = ഉണർവ്വ്
2. മോഹനകാലം = ആകർഷകമായ കാലം

കൗതുകജനകം = സന്തോഷം ഉളവാക്കുന്നതു്

പൂവിളിക്കുകയും വില്ലുകൊട്ടുകയും ആർപ്പിടുകയും ചെയ്യുക, എന്നീ ചടങ്ങുകൾ മുഖ്യങ്ങളാണ്. ഓരോ വീട്ടിന്റെയും നാഥന്മാർ അവരുടെ കുട്ടികൾക്കും ബന്ധുക്കൾക്കും ഓണപ്പുടവ സമ്മാനിക്കും. നാട്ടിലെ കൊല്ലൻ, ആശാരി, തട്ടാൻ തുടങ്ങിയ തൊഴിൽക്കാർ, തങ്ങൾ പണിതുണ്ടാക്കുന്ന ചില സാധനങ്ങൾ ഓണത്തിനു തലേ ദിവസം ഗൃഹനാഥന്മാരുടെ മുമ്പിൽ കാഴ്ച വയ്ക്കാറുണ്ട്. അരിയും കായ്കറികളും എണ്ണയുംമററും പ്രതിഫലമായി അവർക്ക് ലഭിക്കുകയും ചെയ്യും.

ഓണനാളിൽ ഓരോ കേരളീയഭവനവും ആഹ്ളാദപൂർണ്ണമാണ്. [1] വിഭവസമൃദ്ധമായ ഒരുസദ്യകഴിഞ്ഞു്, മുത്തശ്ശിമാർതൊട്ടു് കൊച്ചുകുട്ടികൾവരെ നാനാവിനോദങ്ങളിൽ തൽപ്പരരാകും. തലപ്പന്തുകളി, കുട്ടിയും കോലുംകളി, ഗുഡുഗുഡുകളി, കിളിത്തട്ടുകളി എന്നിങ്ങനെ പലതുമാണ് ഇളംതലമുറയുടെ വിനോദങ്ങൾ. കേരളത്തിന്റെ ചില ഭാഗങ്ങളിൽ ചെറുപ്പക്കാർക്കുള്ള വിനോദം ഓണത്തല്ലാണ്. രണ്ടു കക്ഷികളായി യുവാ

---

1. വിഭവസമൃദ്ധം = അനുഭവിക്കാൻകൊള്ളാവുന്ന സാധനങ്ങൾ അധികമുള്ള.

ക്കന്മാർ തിരിഞ്ഞുനിന്നു്, [1] അടിയും തടയും നടത്തുകയും ജയിക്കുന്ന കക്ഷി സമ്മാനം നേടുകയുമാണു് 'ഓണത്തല്ലി'ൻെറ രീതി. ചില നാട്ടുകളിൽ [2] അസ്ത്രപ്രയോഗസാമർത്ഥ്യം പരീക്ഷിക്കുന്നതിലേയ്ക്കു് 'എയ്ത്തു്' എന്ന വിനോദവും ഓണക്കാലത്തു് ഉണ്ടായിരിക്കും. പകിടകളി, ചതുരംഗം, ചീട്ടുകളി എന്നീ വിനോദങ്ങളിലാണു് പ്രായംചെന്നവർ ഏർപ്പെടുന്നതു്. കൈകൊട്ടിക്കളി, വട്ടുകളി, കൊത്തംകല്ലുകളി, അമ്മാനയാട്ടം, എന്നിവയാണു് സ്ത്രീകളുടെ വിനോദങ്ങൾ. പാട്ടുപാടി ഊഞ്ഞാലാടാൻ കൂടാത്തസ്ത്രീകൾ അന്നു് ആരുംതന്നെ കാണുകയില്ല. തുമ്പിതുള്ളൽ, വലയും പുലിയും കളി, ഇത്യാദി പല വിനോദങ്ങളും ഇവിടെ വിസ്തരിക്കുന്നില്ല.

---

1. അടിയും തടയും = ഒരാൾ അടിക്കുകയും എതിരാളി തടയുകയും തടയുന്ന ആൾ അടിക്കുകയും മററെ ആൾ തടുക്കുകയും ചെയ്യുക. പഴയ കളരിയഭ്യാസത്തിലെ ഒരിനമാണു്.

2. അസ്ത്രപ്രയോഗസാമർത്ഥ്യം = അമ്പെയ്തുകൊള്ളിക്കുന്നതിലുള്ള കഴിവ്.

നാലുദിവസത്തേയ്ക്കാണ് നാം ഓണം ആഘോഷി ക്കുന്നതു്. പക്ഷേ ആ [1] ഉത്സവധാര പെട്ടെന്നുനിലച്ചു പോകുന്നില്ല. തുടർന്നുവരുന്ന ആയില്യവും മകവും സുദിന ങ്ങളാണ്. കന്നിമാസത്തിലെ തിരുവോണംകൂടി ആഘ രിച്ചതിനുശേഷമേ ഓരോ കൊല്ലവുമുള്ള ഓണാഘോഷം [2] നിശ്ശേഷം അവസാനിക്കുന്നുള്ളൂ. അന്നും കാണും സദ്യ വട്ടവും കളികളും. 'ഇരുപത്തെട്ടാമോണം' എന്നപേരു കൂടിയുള്ള കന്നിമാസത്തിലെ ഓണമാണ് [3] അധഃകൃത വർഗ്ഗക്കാർക്ക് കൂടുതൽ പ്രധാനം. മേൽക്കാണിച്ച ഓണ ച്ചടങ്ങുകൾ കേരളത്തിൽ എല്ലായിടത്തും ഒരേമട്ടിൽ അല്ല കണ്ടുവരാറുള്ളതു്. ദേശഭേദമനുസരിച്ചു് ചില വ്യത്യാസങ്ങൾ സംഭവിക്കാമെങ്കിലും അവ സാരമായി ഗണിക്കേണ്ടതില്ല.

ഓണനിലാവും കന്നിവെറിയും തുലാവർഷവും കഴിഞ്ഞുവരുന്ന മഞ്ഞുകാലത്തു് കേരളീയ സ്ത്രീകൾക്കൊ ണ്ടാടുന്ന ഒരു ദേശീയോത്സവമുണ്ടു്. അതാണ് ധനുമാ

---

1. ഉത്സവധാര = ഉത്സവത്തിന്റെ പ്രവാഹം.
2. നിശ്ശേഷം = ശേഷമില്ലാതെ; മുഴുവനും.
3. അധഃകൃതവർഗ്ഗക്കാർ = താണവർഗ്ഗക്കാർ.

സത്തിലെ തിരുവാതിര. [1]അവിവാഹിതമാർ ഉത്തമവര ന്മാരെ ലഭിക്കുന്നതിനും ഭാര്യമാർ സൗഭാഗ്യപൂർണ്ണമായ [2]ദാമ്പത്യം പുലരുന്നതിനുമായി പാട്ടുപാടിയും നൃത്തം ചെയ്തും ഈശ്വരാരാധന നടത്തുന്ന ദിവസമാണ് അത്. ഇന്ന് ഓണത്തിനുള്ള പ്രാധാന്യം തിരുവാതിരയ്ക്കു കല്പി ക്കാറില്ലെങ്കിലും അത് തീരെ അവഗണിക്കപ്പെട്ടിട്ടില്ല. ഈ ആഘോഷത്തെക്കുറിച്ചു ചില പൗരാണികകഥ കൾ പറഞ്ഞുവരാറുണ്ട്. പരമേശ്വരൻെറ ജന്മദിന മാണ് ധനുമാസത്തിലെ തിരുവാതിര. അന്നു ഭർത്താ വിൻെറ സ്നേഹം വർദ്ധിക്കുന്നതിനുവേണ്ടി പാർവ്വതി ഉറ ക്കമൊഴിഞ്ഞ് പാടുകയും ആടുകയും ചെയ്തുവത്രെ. അതിനെ അനുകരിച്ച് തിരുവാതിരനാളിൽ കേരളീയ സ്ത്രീകൾ ഗാനലാപവും നർത്തനവും നടത്തുന്നു എന്നാ ണ് ഒരു കഥ. ശിവൻെറ കോപത്തിനിരയായ കാമ ദേവൻ, അദ്ദേഹത്തിൻെറ [3]നേത്രാഗ്നിയേററ് ഭസ്മ

---

1. അവിവാഹിതമാർ = വിവാഹം കഴിഞ്ഞിട്ടില്ലാത്ത സ്ത്രീകൾ.
2. ദാമ്പത്യം = ഭാര്യാഭർത്താക്കന്മാരായി സ്ത്രീപുരുഷന്മാർ ജീവിക്കുന്ന അവസ്ഥ.
3. നേത്രാഗ്നി = കണ്ണിലെ തീ.

മായിത്തീൎന്നതിൽ പിന്നീട്, വീണ്ടും [1] ശിവകാരുണ്യം മൂലം ജനിക്കുകയും സ്ത്രീപുരുഷബന്ധത്തിന്റെ [2] അധീശ്വരനായ കാമന്റെ [3] പുനരാഗമനത്തെ സ്ത്രീകൾ വാഴ്ത്തിപ്പാടുകയും ചെയ്തു എന്ന കഥയും തിരുവാതിരോത്സവത്തിന്റെ ഉല്പത്തിക്കു കാരണമായി ചിലർ വിശ്വസിക്കുന്നു.

പ്രകൃതിസൌന്ദൎയ്യം തഴച്ചുനില്ക്കുന്ന കാലത്താണ് ഈ ആഘോഷത്തിന്റെ ഉദയം. ധനുമാസത്തിലെ തിരുവാതിരയ്ക്ക് ഏഴുദിവസംമുമ്പുതൊട്ട് സ്ത്രീകൾ തിരുവാതിരക്കളിആരംഭിക്കും. പുലർച്ചയ്ക്കു കൂട്ടുചേൎന്നു പാട്ടും പാടി കുളങ്ങളിലോ ആറുകളിലോ കുളിക്കാൻപോകുക, തിരുവാതിരനാൾ അടുക്കുന്തോറും സ്നാനസമയം നീണ്ടു നീണ്ടുവരിക, ആഘോഷദിനത്തിൽ നെല്ലരിസാധനങ്ങൾ കഴിക്കാതെ വ്രതം ദീക്ഷിക്കുക, ഊഞ്ഞാലാട്ടവും കൈകൊട്ടിക്കളിയുമായി നേരം കഴിച്ചുകൂട്ടുക, എന്നീ ചടങ്ങുകൾ മുറതെററാതെ നടക്കും. തിരുവാതിരദിവസം രാത്രിയിൽ ചേന, ചേമ്പ്, കൂക്ക, തുടങ്ങിയ എട്ടുതരം

---

1. ശിവകാരുണ്യം = ശിവന്റെ ദയ.
2. അധിശ്വരൻ = സ്വാമി, പ്രഭു, അധിപതി
3. പുനരാഗമനം = വീണ്ടുമുള്ള വരവ്.

കിഴങ്ങുകൾ ചുട്ടതിന്നു് ഇളനീരുംകുടിച്ചു്, കൂടക്കൂടെ വെററിലമുറുക്കി, പാതിരാനേരംവരെ സ്ത്രീകൾ ചുവടു വച്ചു പാടിക്കളിക്കും. 'പാതിരാപ്പൂചൂടൽ' ആണു്അവ സാനച്ചടങ്ങു്. കൊട്ടുവേലിയുടെ പൂവാണു് പാതിരാ പ്പൂവായി ചൂടാറുള്ളതു്. അനന്തരം കളിക്കാർ ഉറക്കം ഒഴിയണമെന്നില്ല. എങ്കിലും നേരംവെളുക്കുന്നതുവരെ പാട്ടും കളിയുമായി കഴിയുന്നതിനാണു് പലരും ഇഷ്ട പ്പെടുന്നതു്. ഈ ദേശീയാഘോഷത്തിന്റെ [1] പ്രചുര മായ പ്രചാരംമൂലം കേരളീയസ്ത്രീകൾ സംഗീതകല യിലും നൃത്തകലയിലും ഗണ്യമായ പരിചയവും [2] നൈ പുണ്യവും നേടി എന്ന വസ്തുത നാം വിസ്മരിച്ചുകൂടാ. നൃത്തപരിചയം ലഭിച്ച നമ്മുടെ സ്ത്രീകളുടെ ആരോ ഗ്യവും സൗന്ദര്യവും [3] അഭിമാനാവഹമായിരുന്നതാനും. കൈകൊട്ടിക്കളിപ്പാട്ടുകൾ എന്നൊരു കാവ്യവിഭാഗം മലയാളത്തിൽ അഭിവൃദ്ധിപ്പെടുന്നതിനും ഈ ആഘോ ഷമാണു് [4] നിദാനമായിട്ടുള്ളതു്.

---

1. പ്രചുരം = അധികം
2. നൈപുണ്യം = സാമർത്ഥ്യം
3. അഭിമാനാവഹം = അഭിമാനിക്കാവുന്നതു്.
4. നിദാനം = കാരണം

മേടമാസാരംഭത്തിലെ വിഷു കേരളീയൎക്കു വളരെ പ്രിയപ്പെട്ട ഒരു ആഘോഷമാണു്. വിഷുക്കൈനേട്ടം കിട്ടിയിട്ടില്ലാത്ത കുട്ടികൾ നിങ്ങളുടെ ഇടയിൽ കാണുകയില്ല. വിഷുവിൻനാൾ കൈനേട്ടം കൊടുക്കാത്തതായി പ്രായമുള്ള ആളുകളിൽ ആരും ഉണ്ടാകാനുമിടയില്ല. ആ ദിവസം തുടങ്ങുന്നതു 'വിഷുക്കണികാണൽ' എന്ന ക്രിയയോടുകൂടിയാണു്. ഒരു ഉരുളിയിൽ കൊന്നപ്പൂവും വെളുത്ത അരിയും വെള്ളരിക്കായും നിരത്തി, അതിനടുത്തു് ഒരു നിലവിളക്കും കത്തിച്ചുവച്ചു്, വിഷുവിൻനാളിലെ പ്രഭാതത്തെ തലേ ദിവസം രാത്രിയിൽ എല്ലാ ഗൃഹങ്ങളിലേയും അംഗങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കും. നേരം പുലരുംമുമ്പു് എല്ലാപേരും കണികണ്ടു വന്ദിക്കും. അന്നുതൊട്ടു ഒരു വർഷത്തേയ്ക്കു് എല്ലാം മംഗളമായിത്തന്നെ സംഭവിക്കണമെന്ന ആഗ്രഹത്തോടുകൂടിയാണു് വിഷുദിവസം രാവിലെ മനോഹരമായ കണി കാണുന്നതു്. അനന്തരം കാരണവന്മാർ കുടുംബാംഗങ്ങൾക്കും നാട്ടുപ്രമാണികൾ ആശ്രിതന്മാൎക്കും വിഷുക്കൈനേട്ടം കൊടുക്കും. വിഷുക്കഞ്ഞികുടിക്കുക എന്നതാണു് അടുത്ത ചടങ്ങു്. ചില സ്ഥലങ്ങളിൽ പടക്കം പൊട്ടിക്കൽകൂടി വിഷുദിവസം നടത്താറുണ്ടു്. അന്നു് പല ക്ഷേത്രങ്ങളിലും വിഷുപ്പൂരം കഴിക്കുക എന്നൊരു ഏർപ്പാടും പതിവുണ്ടു്.

വിഷുവിനു നാം വലിയ പ്രാധാന്യം നൽകുന്നതു് എന്തുകൊണ്ടാണെന്നുകൂടി മനസ്സിലാക്കണം. ഒരു പുതിയ വർഷം ആരംഭിക്കുന്ന ദിവസമാണു് വിഷു. പണ്ടു് ഇൻഡ്യയിൽ എവിടേയും പൊതുവായി ഉണ്ടായിരുന്ന അബ്ദം കലിവർഷമായിരുന്നു. ആ അബ്ദഗണന[1] അനുസരിച്ചു് ഒരു നവവത്സരം ആരംഭിക്കുന്നതു് വിഷു ദിവസമാണു്. അതിനാൽ കേരളീയർ മാത്രമല്ല വിഷുവിനെ ആദരിക്കുന്നതു്. തമിഴരും ബംഗാളികളുമെല്ലാം [2] പുതുവർഷപ്പിറവി ആഘോഷിക്കുന്നതു് ഈ ദിവസത്തിലാണു്. വരാൻ പോകുന്ന വർഷത്തിലെ [3] ഭാഗ്യനിർഭാഗ്യങ്ങൾ, [4] ഐശ്വര്യദാരിദ്ര്യങ്ങൾ, സുഖദുഃഖങ്ങൾ, എന്നിവ വിഷുഫലമെന്നപേരിൽ ജ്യോതിഷപണ്ഡിതന്മാർ [5] പ്രവചിക്കാറുണ്ടു്. പ്രാദേശികമായ അബ്ദ

---

1. അബ്ദഗണന = മലയാളവർഷം, ക്രിസ്തുവർഷം, ശകവർഷം കലിവർഷം എന്നിങ്ങനെ പല തരം അബ്ദങ്ങളുണ്ടു് അവയുടെ കണക്കുകൂട്ടലിനെയാണു് ഇവിടെ ഉദ്ദേശിക്കുന്നതു്.
2. പുതുവർഷപ്പിറവി – പുതിയ കൊല്ലത്തിന്റെ ഉദയം.
3. ഭാഗ്യ നിർഭാഗ്യങ്ങൾ – ഭാഗ്യവും നിർഭാഗ്യവും.
4. ഐശ്വര്യദാരിദ്ര്യങ്ങൾ – ഐശ്വര്യവും ദാരിദ്ര്യവും
5. പ്രവചിക്കുക – മുൻകൂട്ടി പറയുക.

ഗണനയും [1] ക്രിസ്ത്വബ്ദസ്വീകാരവും ഇൻഡ്യയിൽ ഉണ്ടായിട്ടും പഴയ [2] നവവർഷാരംഭാഘോഷം മങ്ങിമറഞ്ഞിട്ടില്ല. അതോടൊപ്പം മലയാളവർഷം തുടങ്ങുന്ന ചിങ്ങം ഒന്നാംതീയതിയും ലോകമൊട്ടുക്ക് [3] അംഗീകൃതമായ ക്രിസ്തുവർഷത്തിൻെറ ആരംഭദിനമായ ജനുവരി ഒന്നാംതീയതിയും കൊണ്ടാടാൻ മലയാളികൾക്ക മടിയില്ല. സദ്യയും [4] ഈശ്വരാർച്ചനയും വിനോദങ്ങളും ഈ തീയതികളിൽ നാം [5] ഔത്സുക്യപൂർവം നടത്തിവരുന്നു.

ഓണം, തിരുവാതിര, വിഷു എന്നീ ആഘോഷങ്ങളെപ്പററിയാണ് ഇതുവരെ പ്രസ്താവിച്ചത്. കേരളത്തിൽ ആചരിച്ചുവരാറുള്ള ഇതരാഘോഷങ്ങളെക്കുറിച്ചുകൂടി ഇനി ചിലതു സൂചിപ്പിക്കാം. നിങ്ങൾക്ക് അത്യന്തം പരിചയമുള്ള ആഘോഷമാണല്ലോ പൂജയെടുപ്പ്. ഭാരതത്തിൽ എവിടെയും ആഘോഷിക്കാറുള്ള നവ

---

1. ക്രിസ്ത്വബ്ദസ്വീകാരം – ക്രിസ്ത്വബ്ദത്തിൻെറ അംഗീകരണം
2. നവവർഷാരംഭാഘോഷം – പുതിയ വർഷം ആരംഭിക്കുന്നതു സംബന്ധിച്ചുള്ള ആഘോഷം.
3. അംഗീകൃതം – സ്വീകരിക്കപ്പെട്ടത്.
4. ഈശ്വരാർച്ചന – ഈശ്വരപൂജ.
5. ഔത്സുക്യപൂർവം = വലിയ താല്പര്യത്തോടു കൂടി

രാത്രി കേരളത്തിൽകൊണ്ടാടുമ്പോഴാണ് പൂജവയ്പും പൂജയെടുപ്പും നടക്കുന്നതു്. മൈസൂറിലും വടക്കേഇൻഡ്യയിലും പത്തു രാത്രികൊണ്ടേ ഈ ഉത്സവം അവസാനിക്കുകയുള്ളൂ. വിദ്യാദേവതയായ സരസ്വതിയെ പൂജിക്കുകയാണ് ഈ ആഘോഷത്തിൻെറ ഉദ്ദേശ്യം. ഗ്രന്ഥങ്ങളും ആയുധങ്ങളും നവരാത്രികാലത്തു പൂജയ്ക്കുവച്ചാൽ അവ വിജയദശമി ദിവസമേ എടുക്കാൻ പാടുള്ളൂ. അതുവരെ ആരും എഴുതാനും വായിക്കാനും പാടില്ല. വിദ്യാരംഭദിവസമായ വിജയദശമിനാളിൽ, അക്ഷരമാലയും മററും ആദ്യം മുതൽ എഴുതി, അറിവിനെ നവീകരിക്കണമെന്നാണ് നിയമം. പഠിച്ചവർതന്നെ അറിവുള്ള കാര്യങ്ങൾ മറന്നുപോകാനിടയുണ്ടെന്നും അവക്ക് സിദ്ധിച്ചിട്ടുള്ള ജ്ഞാനത്തെ ഇടയ്ക്കിടയ്ക്കു പുതുക്കേണ്ടതു് ആവശ്യമാണെന്നുമുള്ള തത്വമാണ് ഈ ആഘോഷത്തിൻെറ അടിസ്ഥാനം.

ദീപാളിക്കു പടക്കം പൊട്ടിക്കാത്ത കുട്ടികൾ അധികം കാണുകയില്ല. പക്ഷേ ദീപാളി ആഘോഷത്തിൻെറ ആഗമത്തെക്കുറിച്ചു കുറച്ചു പേൎക്കേ അറിവുള്ളൂ. ശ്രീകൃഷ്ണൻ നരകാസുരൻ എന്ന ലോകോപദ്രവകാരിയെ വധിച്ച ദിവസം എന്നാണ് ദീപാളിയെപ്പററിയുള്ള സങ്കല്പം. തുലാമാസത്തിലെ ചതുർദ്ദശിനാളിലാണ് ദീപാളി ആഘോഷിക്കുന്നതു്. തലേന്നാൾ രാത്രിമുഴുവനും പടക്കം പൊട്ടിക്കുകയും വെളുപ്പാൻകാലത്തുതന്നെ കുളിച്ചു് ആഹാരം കഴിക്കുകയും ചെയ്യുക, ദീപാളിയുടെ ചട

ങ്ങളാണ്. ഇതും നവരാത്രിയെപ്പോലെ തനികേരളീയ മല്ല. ഇൻഡ്യയുടെ മററു ഭാഗങ്ങളിലെ ആഘോഷങ്ങളുടെ കൂട്ടത്തിൽ ദീപാളിക്കു് മികച്ച സ്ഥാനമുണ്ടു്.

കേരളത്തിലെ കർഷകർ അനുഷ്ഠിച്ചു വരുന്ന ഒരു മംഗള കർമ്മമാണ് 'നിറ' പഞ്ഞംപിടിച്ച കർക്കടകമാസത്തിൽ വീട്ടിലെ ദാരിദ്ര്യവും വയലിലെ സമൃദ്ധിയും കാണുന്ന കർഷകൻ പ്രതീക്ഷാപൂർണ്ണമായ ഹൃദയത്തോടെ ഈ ചടങ്ങ് ആഘോഷിക്കുന്നു. നെൽപ്പാടങ്ങൾ പഴുത്തു പാകമായി കിടക്കുന്നു. അടുത്ത ആറുമാസക്കാലം തൻെറ കുടുംബത്തെ പോററാനുള്ള മുതലാണ് വയലിൽനിന്നും കൃഷിക്കാരനു കിട്ടേണ്ടതു്. അതു കാണുമ്പോഴുള്ള ആഹ്ളാദവും വിളവു നന്നായിരിക്കണമെന്ന ആഗ്രഹവും സമൃദ്ധി കൈവരുത്തണമെന്ന പ്രാർത്ഥനയുമാണ് ഈ ചടങ്ങിനു കാരണങ്ങൾ. നല്ല മുഹൂർത്തത്തിൽ, അറയും പത്തായവുമെല്ലാം നെൽക്കതിർ കൊണ്ടു് അലങ്കരിക്കുക എന്നതാണ് 'നിറയു'ടെ പരിപാടി. പുതിയ വിളവിലുള്ള നെല്ലിൻെറ അരി ആദ്യമായി ഉപയോഗിക്കുന്നതും കർഷകർക്കു് ഒരു ഉത്സവമാണ്. 'പുത്തരി' എന്നത്രേ ആ ആഘോഷത്തിൻെറ പേർ.

മേടമാസത്തിലെ പത്താമുദയം, മകരമാസം ഇരുപത്തിയെട്ടാംതീയതിയിലെ ഇരുപത്തെട്ടുച്ചാൽ, മകരപ്പൊങ്കൽ, മകരസംക്രാന്തി, കർക്കടക സംക്രാന്തി, വൃശ്ചികമാസത്തിലെ തൃക്കാർത്തിക, ധനുമാസത്തിലെ

സ്വർഗ്ഗവാതിൽ ഏകാദശി, കുംഭമാസത്തിലെ ശിവരാത്രി മീനമാസത്തിലെ ഭരണി, മകരവാവ്, കർക്കടകവാവു് എന്നീ വിശേഷദിവസങ്ങളും അവയോട്ട് അനുബന്ധിച്ചുള്ള ആഘോഷങ്ങളും സ്മരണീയങ്ങളാണു്.

കേരളത്തിലെ ജനസംഖ്യയിൽ ഗണ്യമായ സ്ഥാനം സമ്പാദിച്ചിട്ടുള്ള ക്രിസ്ത്യാനികളും മുസ്ലിങ്ങളും നമ്മുടെ ചരിത്രത്തിനും സംസ്കാരത്തിനും വിലപ്പെട്ട മുതല്കൾ നേടിക്കൊടുത്തിട്ടുള്ളവരാണു്. അവരുടെ മതപരമായ ആഘോഷങ്ങൾ ശുദ്ധമേ കേരളീയമല്ലെങ്കിലും ഇന്നാട്ടിലെ സാമൂഹ്യജീവിതത്തിനു് അവ നിറപ്പകിട്ടും വൈചിത്ര്യവും നൽകുന്നുണ്ടു്. ബക്രീദ്, മൊഹറം, റംസാൻ, നബിദിനം എന്നീ ആഘോഷങ്ങളാണു് മുസ്ലീങ്ങൾക്കു മുഖ്യമായിട്ടുള്ളതു്. ഇസ്ലാംമതസ്ഥാപകനായ മുഹമ്മദുനബിയുടെ സ്മാരകമായി നബിദിനം നാടെങ്ങും കൊണ്ടാടുന്നു. പ്രവാചകൻെറ പൗത്രന്മാരായ ഹസ്സൻ, ഹുസ്സയിൻ എന്ന രണ്ടു പേരിൽ രണ്ടാമനെ യഹൂദരാജാവായ യസീദിൻെറ അനുചരന്മാർ കർബലായിൽ വച്ചു വധിച്ചു. ആ സുപ്രധാന സംഭവം നടന്ന ദിവസത്തെ മുസ്ലീങ്ങൾ സ്മരിക്കുന്നതു് മൊഹറോത്സവം മുഖേനയാണു്. തികഞ്ഞ നിഷ്ഠയോടുകൂടി ആചരിക്കപ്പെടുന്ന രണ്ടു വ്രതങ്ങളാണു് ബക്രീദും

ററംസാനും. ക്രിസ്ത്യാനികളുടെ ആഘോഷങ്ങൾ ക്രിസ്തു ദേവൻെറ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഡിസംബർ മാസം ഇരുപത്തിയഞ്ചാംതീയതി എല്ലാ രാജ്യങ്ങളിലുമുള്ള ക്രിസ്ത്യാനികൾ മഹാത്മാവായയേശു ക്രിസ്തുവിൻെറ അവതാരദിനം ആഘോഷിക്കുന്നു. ആ ക്രിസ്തുമസ്സ് ദിവസത്തിൽ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും മംഗളാശംസകൾ എത്തിച്ചു കൊടുക്കുക. ഹൃദ്യമായ സൽക്കാരങ്ങളും സ്വീകരണങ്ങളും നടത്തുക, വീടും പരിസരങ്ങളും കമനീയമായി അലങ്കരിക്കുക സുദീർഘ പ്രാർത്ഥനകൾ അനുഷ്ഠിക്കുക എന്നീചടങ്ങുകൾ ഉണ്ടായിരിക്കും. അന്യമതാനുയായികളെ സൽക്കരിച്ചു സംതൃപ്തരാക്കാൻ ക്രിസ്ത്യാനികൾ അന്നു പ്രദർശിപ്പിക്കുന്ന ഉത്സാഹവും താല്പര്യവും പ്രശംസനീയമാണ്. ഏപ്രിൽ മാസത്തിലെ മാണ്ഡിതേഴ്സ്ഡേ, ഗുഡ്ഫ്രൈഡേ, ഹോളിസാററർഡേ, ഈസ്റ്റർ സൺഡേ, എന്നീ നാലു ദിവസങ്ങളിൽ, ത്യാഗദീപമായ യേശുക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തേയും ഉയിർത്തെഴുനേൽപ്പിനേയും ക്രിസ്ത്യാനികൾ ഭക്തിപൂർവം ഓർമ്മിക്കുന്നു.

---

## അദ്ധ്യായം 4

വീട്ടിനോ നാട്ടിനോ ലോകത്തിനോ നന്മയും സുഖവും ഐശ്വര്യവും പ്രദാനം ചെയ്തിട്ടുള്ള വ്യക്തികളെ മനുഷ്യർ മറക്കാറില്ല. ഉൽകൃഷ്ടമായ മനോഗുണങ്ങൾ പ്രകാശിപ്പിച്ചിട്ടുള്ള മഹാപുരുഷന്മാരെ വല്ലപ്പോഴുമെങ്കിലും ഓർക്കുക ജീവിതത്തെ ശ്രേയസ്കരമാക്കാൻ ഉപകരിക്കും. അവരുടെ ഔന്നത്യത്തെപ്പററി ചിന്തിക്കുമ്പോൾ അവരെപ്പോലെ ആകാൻ നമുക്കും ആഗ്രഹം ജനിക്കും. നമ്മുടെ നിസ്സാരതയെക്കുറിച്ച് ബോധം ഉണ്ടാകും. ഏതെല്ലാം രീതിയിൽ നാം തന്നെ നമ്മെ പരിഷ്കരിച്ചാലാണ് ആ മഹാന്മാരുടെ സമീപത്തെങ്കിലും എത്താൻ കഴിയുന്നതെന്ന് നാം ആലോചിച്ചു പോകും. നമ്മുടെ ആഘോഷങ്ങൾ പലതും പരിശോധിക്കുമ്പോൾ അവയുടെ അടിസ്ഥാനം ഇത്തരത്തിലുള്ള വീരാരാധനയാണെന്നു കാണാം.

പല നൂററാണ്ടുകൾക്കു മുമ്പു ജീവിച്ചിരുന്ന ക്രിസ്തുവിൻെറയും മുഹമ്മദുനബിയുടെയും പാവനസ്മരണ ഇന്നും നമ്മെ ആനന്ദിപ്പിക്കുന്നു. ആ ഓർമ്മയെ നിലനിറുത്തണമെന്ന് നാം നിർവ്യാജമായി അഭിലഷിക്കുന്നു. ആ അഭിലാഷത്തിൻെറ പ്രത്യക്ഷലക്ഷ്യങ്ങളാണ്

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച ചില ആഘോഷങ്ങൾ. ഭാരതത്തിൽ പണ്ടു ജീവിച്ചിരുന്ന ആചാര്യന്മാരെയും ഈ വിധത്തിൽ നാം ആഘോഷപൂർവ്വം ആദരിക്കുന്നുണ്ട്. ചിങ്ങമാസത്തിലെ അഷ്ടമിരോഹിണി ദിവസം ഭൂജാതനായ ശ്രീ കൃഷ്ണനെ ബഹുമാനിക്കുവാൻ നാം കൊണ്ടാടാറുള്ള ശ്രീകൃഷ്ണജയന്തിയും തഥാഗതനായ ശ്രീബുദ്ധൻെറ സ്മാരകമായി ആചരിക്കുന്ന ശ്രീബുദ്ധജയന്തിയും ഉദാഹരണങ്ങളാണ്. ബാലഗോപാലൻെറ ലീലകൾക്കു ദൃഷ്ടാന്തമായി ശ്രീകൃഷ്ണജയന്തിനാളിൽ ഉറിയടി ഉത്സവം നടത്തുന്നതു് നിങ്ങൾ കണ്ടിരിക്കുമല്ലോ.

ആധുനികകാലത്തു ജീവിച്ചിരുന്ന മഹാപുരുഷന്മാരെ ആധാരമാക്കി ആഘോഷങ്ങൾ സംഘടിപ്പിക്കാൻ നമുക്കു വലിയ താല്പര്യമുണ്ട്. ഒക്ടോബർ രണ്ടാം തീയതി നാം മുടങ്ങാതെ ആഘോഷിക്കുന്ന ഗാന്ധിജയന്തി [1] രാഷ്ട്രപിതാവും [2] ഭാരതസ്വാതന്ത്ര്യ ശില്പിയുമായ

---

1 രാഷ്ട്രപിതാവ്—ഗാന്ധിജി. ഒരു സ്വതന്ത്ര രാഷ്ട്രത്തിൻെറ നിർമ്മാതാവും ബഹുമാന പാത്രവുമായ ഗാന്ധിജിയെ രാഷ്ട്രപിതാവ് എന്നു വിളിച്ചു വരുന്നു.

2 ഭാരതസ്വാതന്ത്ര്യ ശില്പി—ഇൻഡ്യയുടെ സ്വാതന്ത്ര്യം സൃഷ്ടിച്ച ആൾ.

മഹാത്മജിയുടെ ജന്മദിനത്തിൻെറ സ്മാരകമാണ്. ഒരു മതഭ്രാന്തൻെറ വെടിയുണ്ടയേററ് ഗാന്ധിജി ഇഹലോകവാസം വെടിഞ്ഞ ജനുവരി മുപ്പതാം തീയതിയാണ് സർവ്വോദയ ദിനം. സാമൂഹ്യപരിഷ്കരണ സംബന്ധമായി മഹാത്മാഗാന്ധി സ്വീകരിച്ചിരുന്ന ആദർശങ്ങളിലേയ്ക്കു് ജനതയെ നയിക്കാൻ [1] പ്രചോദകമായിട്ടാണ് ആ ചരമദിവസത്തിനു സർവോദയദിനം എന്നു നാമകരണം ചെയ്തിട്ടുള്ളതു്. ആദ്ധ്യാത്മികോപദേശങ്ങൾ കൊണ്ടു് ഭാരതത്തെ അനുഗ്രഹിച്ച ശ്രീരാമകൃഷ്ണപരമഹംസൻെറയും വിവേകാനന്ദൻെറയും ജന്മദിനങ്ങൾ രാജ്യവ്യാപകമായി ആഘോഷിക്കപ്പെടുന്നുണ്ടു്.

കേരളക്കരയിൽ ജനിച്ചു്, ഇൻഡ്യയുടെ എല്ലാഭാഗങ്ങളിലും സഞ്ചരിച്ചു്, ഭാരതീയതത്വചിന്താരത്നങ്ങളെ പ്രചരിപ്പിച്ച ശ്രീശങ്കരൻ നമ്മുടെ [2] ആരാധനാഭാജനമാകുന്നു. ശ്രീശങ്കരജയന്തി എന്ന ആഘോഷം ഈ വീരാരാധനയുടെ സന്താനമാണ്. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു് എന്ന ആദർശവുമായി

---

1 പ്രചോദകം—പ്രേരിപ്പിക്കുന്നതു്.

2 ആരാധനാഭാജനം—സ്തുതിക്കുപാത്രമായിട്ടുള്ള വ്യക്തി

കേരളീയസമുദായത്തിലെ മാലിന്യങ്ങൾ മാററുവാൻ പ്രയത്നിച്ച ശ്രീനാരായണഗുരുവിൻെറ ജനനദിവസം ചിങ്ങമാസത്തിലെ ചതയവും സമാധിദിനം കന്നി അഞ്ചാംതീയതിയുമാണ്. പീതാംബരധാരികളായഗുരുഭക്തന്മാർ ശ്രീനാരായണൻെറ [2] കർമ്മക്ഷേത്രമായിരുന്ന ശിവഗിരിയിലേയ്ക്കു തീർത്ഥാടനംചെയ്തു് അവിടെ ചതയദിനം പ്രമാണിച്ചു നടത്തുന്ന സമ്മേളനപരമ്പരകളിൽ പങ്കുകൊള്ളുക അടുത്ത കാലത്തു് ഒരു പതിവായിട്ടുണ്ടു്. അന്നും സമാധിദിനത്തിലും ഗുരുദേവൻെറ ആദർശങ്ങളേയും സാമൂഹ്യസേവനത്തേയും പ്രകീർത്തിക്കുന്ന സമ്മേളനങ്ങൾ കേരളത്തിൻെറ ഒററംതൊട്ടു് മറേറ അററംവരെ നടക്കുന്നു. ചട്ടമ്പിസ്വാമിതിരുവടികളുടെ മഹാത്മ്യത്തെ ആദരിക്കുന്ന കേരളീയർ, അദ്ദേഹത്തിൻെറ ജന്മദിനവും സമാധിദിനവും ആഘോഷിച്ചു വരുന്നുണ്ടു്. മലയാളസാഹിത്യത്തിലെ വാടാവിളക്കുകളായ തുഞ്ചത്തെഴുത്തച്ഛൻ, കുമാരനാശാൻ, ചങ്ങമ്പുഴ കൃഷ്ണപിള്ള തുടങ്ങിയ കവികളുടേയും സുപ്രസിദ്ധ

---

1. പീതാംബരധാരികൾ = മഞ്ഞവസ്ത്രം ധരിച്ചിട്ടുള്ളവർ.
2. കർമ്മക്ഷേത്രം = പ്രവൃത്തി രംഗം

ചിത്രകാരനായ രാജാരവിവർമ്മയുടേയും അതുപോലെ വിവിധങ്ങളായ [1] സാംസ്കാരികരംഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പല [2] പ്രതിഭാശാലികളുടേയും ഓർമ്മക്കായി ആഘോഷങ്ങൾ നടത്തുക എന്ന ഏർപ്പാട് ഈയിടെ സമാരംഭിച്ചിട്ടുള്ളതു് [3] ആശാസ്യമാണു്.

ഒരിക്കലും മറക്കാനാവാത്ത മഹാശയന്മാരെ എന്നപോലെ [4] അവിസ്മരണീയങ്ങളായ ചരിത്രസംഭവങ്ങളേയും നാം ആഘോഷവിഷയങ്ങളായി പരിഗണിക്കുന്നുണ്ടു്. ആഗസ്റ്റ് പതിഞ്ചനാംതിയതിക്കുള്ള പ്രാധാന്യം മുമ്പൊരിക്കൽ പറഞ്ഞുകഴിഞ്ഞു. 1947 ആഗസ്റ്റ് പതിനഞ്ചാംതീയതി ഇൻഡ്യ സ്വതന്ത്രമായതിൽ പിന്നീടു് നമ്മുടെ നേതാക്കന്മാർ ഭാവിഭാരതത്തിൻെറ രാഷ്ട്രീയ സ്വരൂപം എന്തായിരിക്കണമെന്നു് ഗാഢമായി ചിന്തിക്കുകയുണ്ടായി. ആ പര്യാലോചനയുടെ ഫലമായി 1950 ജനുവരി 26-ാംതീയതി ഇൻഡ്യയെ പരമാധി

---

1. സംസ്കാരികരംഗം = സംസ്കാരത്തെ സംബന്ധിക്കുന്ന പ്രവൃത്തിമണ്ഡലം.
2. പ്രതിഭാശാലികൾ = മഹാബുദ്ധിമാന്മാർ.
3. ആശാസ്യം – ഗണ്യമായ, ശ്ലാഘിക്കത്തക്ക
4. അവിസ്മരണീയം – മറക്കാൻ പാടില്ലാത്ത

കാര ജനായത്തഭരണ രാഷ്ട്രമായി പ്രഖ്യാപിച്ചു. ആ പ്രഖ്യാപനദിവസത്തെ നാം ആണ്ടുതോറും 'റിപ്പബ്ലിക്ക് ദിനം" എന്ന പേരിൽ സാഘോഷം കൊണ്ടാടുന്നു

ഈ പുസ്തകത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ലാത്ത ആഘോഷങ്ങൾ ഒട്ടധികമുണ്ട്. ഒരോ ഗ്രാമത്തിലെ ക്ഷേത്രങ്ങളിലും പള്ളികളിലും ആഘോഷിക്കുന്ന ഉത്സവങ്ങൾ എടുത്തു പറയാൻ പററുകയില്ലല്ലോ. പക്ഷെ അവയുടെ സംസ്കാരികമായ പ്രാധാന്യംഅംഗീകരിച്ചേ മതിയാവൂ. മനുഷ്യരുടെ ഐക്യബോധത്തെ വർദ്ധിപ്പിക്കാനും വിശ്രമാവസരങ്ങളെ ആനന്ദമയമാക്കാനും ഉത്തമവ്യക്തികളേയും ഉൽകൃഷ്ടസംഭവങ്ങളേയും ധ്യാനിച്ചു് ജീവിതത്തെ ആവുന്നതും സംസ്കരിക്കാനും ഉതകുന്ന ആഘോഷങ്ങളുടെ കൂട്ടത്തിൽ ഈ പ്രാദേശികോത്സവങ്ങൾക്കും സ്ഥാനം ഉണ്ടായിരിക്കും.

---

## ചോദ്യങ്ങൾ

1 ഭാരതമൊട്ടുക്കു പ്രചാരമുള്ള നാലു് ആഘോഷങ്ങളുടെ പേരു പറയുക.

2 മഹാപുരുഷന്മാരുടെ നാമധേയം നില നിറുത്തുന്ന ചില കേരളീയാഘോഷങ്ങളെ ചൂണ്ടിക്കാണിക്കുക.

3 കുറിപ്പെഴുതുക:— ക്രിസ്തുമസ്സ്, വിഷു, നവരാത്രി, നബിദിനം, ശ്രീകൃഷ്ണജയന്തി, റിപ്പബ്ളിക്കു് ദിനം,

4 ആഘോഷങ്ങൾകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

M.1709

## അഭിപ്രായങ്ങൾ

"ബാലഹൃദയങ്ങളിൽ സഹജമായ ഔത്സുക്യവും ജിജ്ഞാസയും വളർത്തി, അവരുടെ വിജ്ഞാനസംസ്കാരങ്ങളെ വികസിപ്പിച്ചു കൊണ്ടുവരുവാൻ പര്യാപ്തമായ രീതിയിലും ഭാഷയിലും രചിച്ചിട്ടുള്ള ഈ ഗ്രന്ഥങ്ങൾ നമ്മുടെ സാഹിത്യത്തിന്റെ അനർഘമായ സമ്പത്താണു്."

മഹാകവി, ജി. ശങ്കരക്കുറുപ്പു്.

* * * * *

"വളർന്നുവരുന്ന പൗരന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട വിവിധ വിഷയങ്ങളെക്കുറിച്ചു് ലളിതവും സുഗമവുമായ ശൈലിയിൽ എഴുതിയിട്ടുള്ള ഈ ഗ്രന്ഥപരമ്പര അദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും ഒരുപോലെ അനുഗ്രഹമായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു."

എൻ. ഗോപാലപിള്ള എം. ഏ.
പ്രിൻസിപ്പൽ, രാജകീയ സംസ്കൃതകാളേജ്,
തിരുവനന്തപുരം.

* * * * *

"ഈ ഗ്രന്ഥങ്ങളുടെ രചനയിൽ, ഓരോ ഘട്ടത്തിലുമുള്ള വിദ്യാർത്ഥികളുടെ മനോവികാസം, താല്പര്യങ്ങൾ, ഭാഷാസ്വാധീനത മുതലായവയെല്ലാം ഔചിത്യപൂർവ്വം പരിഗണിച്ചിട്ടുണ്ടെന്നു കണ്ടപ്പോൾ എനിക്കു വലിയ സന്തോഷം തോന്നി. ഭാഷയുടെ ശ്രേണീകരണത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ഉചിതജ്ഞത പ്രശംസാർഹം തന്നെ. ബാലസാഹിത്യഗ്രന്ഥങ്ങൾ രചിക്കുന്ന ഗ്രന്ഥകാരന്മാർ നിങ്ങളെ അനുകരിച്ചെങ്കിൽ!"

എം. രാമകൃഷ്ണൻനായർ എം. ഏ. എൽ. റ്റി.
മലയാളവകുപ്പദ്ധ്യക്ഷൻ, ട്രെയിനിംഗ് കോളേജ്,
തിരുവനന്തപുരം.